## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4481 25/10/2016-ൽ മറുപടിക്ക്

### വരൾച്ച മൂലമുള്ള വൈദ്യുതോൽപ്പാദനത്തിലെ കുറവ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.ടി.തോമസ്<br>ശ്രീ.വി.ടി.ബൽറാം | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച വൈദ്യുതോൽപ്പാദനത്തെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കാലവർഷത്തിലുണ്ടായ വലിയ കുറവ് സംസ്ഥാനത്തിന്റെ വൈദ്യുതി ഉത്പാദനത്തെ വളരെയധികം ബാധിച്ചിട്ടുണ്ട്. 2016 ജൂൺ മുതൽ ഒക്ടോബർ 17- ാം തീയതി വരെ ലഭിച്ച നീരൊഴുക്ക് പ്രതീക്ഷിച്ചതിന്റെ 55% മാത്രമാണ്. ഇതുമൂലം വൈദ്യുതി ഉൽപ്പാദനത്തിൽ 2292 ദശലക്ഷം യൂണിറ്റിന്റെ ഉൽപ്പാദന കുറവ് കണക്കാക്കുന്നു. രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച വൈദ്യുതോൽപ്പാദനത്തെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തുകയും അതു തരണം ചെയ്യാനുള്ള നടപടികൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | ഈ കാലവർഷം മോശമായേക്കുമെന്നുള്ള സൂചന കെ.എസ്.ഇ.ബി. യുടെ ആസൂത്രണത്തിൽ കണക്കിലെടുത്തിരുന്നു. ജൂൺ മാസം മുതൽ തന്നെ പരമാവധി ജലം സംഭരിക്കുവാനുള്ള നടപടികളെടുത്തിരുന്നു. 2017-ലെ വേനൽ മാസങ്ങളിലെ ആവശ്യകത നേരിടുന്നതിനായി പുറമെ നിന്ന് കൂടുതൽ വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. വൈദ്യുതി കൂടുതൽ കൊണ്ടു വരുന്നതിനായി അരീക്കോട് 400 കെ.വി. സബ്സ്റ്റേഷനിൽ താൽക്കാലിക സംവിധാനമൊരുക്കാൻ പവർഗ്രിഡിനോട് ആവശ്യപ്പെടുകയും അതിനുള്ള അധിക സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാനുള്ള സന്നദ്ധത അറിയിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്.<br><br>2016-17 മുതലുള്ള വർദ്ധിച്ച വൈദ്യുതി ആവശ്യകത കണക്കിലെടുത്ത് വൈദ്യുതി ബോർഡ് 2014-ൽ ഏർപ്പെട്ട കരാർവഴി 315 മെഗാവാട്ട് വൈദ്യുതി 01.12.2016 മുതൽ ലഭ്യമാകും. കൂടാതെ ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്ന 397 മെഗാവാട്ട് മീഡിയം ടേം അടിസ്ഥാനത്തിലുള്ള കരാർ ഫെബ്രുവരി 2017-ൽ തീരുന്ന മുറയ്ക്ക് 200 മെഗാവാട്ട് വൈദ്യുതി 01.03.2017 മുതൽ 30.06.2017 വരെ വാങ്ങാനുള്ള ഹ്രസ്വകാല കരാറിലും ഏർപ്പെട്ടിട്ടുണ്ട്. ഇതിന് ആവശ്യമായ 'ഓപ്പൺ ആക്സസും ലഭ്യമായിട്ടുണ്ട്. കാലവർഷം പ്രതീക്ഷിച്ചതുപോലെ ലഭിക്കാത്തതു മൂലം വേനൽക്കാലത്ത് പ്രതീക്ഷിക്കുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് നടത്തിയ ഉന്നതതല ചർച്ചകളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡ് വേനൽക്കാലത്തേക്ക് കൂടുതൽ വൈദ്യുതി വാങ്ങാനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ